"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - സി ക്ലാസ്, ഡി ക്ലാസ് കരാറുകാരുടെ രജിസ്ട്രേഷൻ, ലൈസൻസ് പുതുക്കുക എന്നീ അവസരങ്ങളിൽ അടയ്ക്കേണ്ട ഫീസ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ കുറച്ചുകൊണ്ടുള്ള ഉത്തരവിൽ തിരുത്തൽ വരുത്തിയും, പ്രൈസ് സോഫ്റ്റ്‌വെയറിൽ ചീഫ് എഞ്ചിനീയർ വരുത്തിയ മാറ്റം സാധൂകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.36/2026/PWD തീയതി,തിരുവനന്തപുരം, 20-04-2026

---

പരാമർശം:-

1. സ.ഉ( അച്ചടി) നം.44/2018/ധന തീയതി 17.03.2018.
2. സ.ഉ( അച്ചടി) നം.28/2019/ധന തീയതി 08.03.2019.
3. പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ 19.02.2026ലെ സി.ഇ.പി.ഡബ്ല്യൂ.ഡി/3285/2026-എ.ഇ.ഇ(പി.എൽ.ജി) - എ.ഡി. നമ്പർ കത്ത്.
4. സ.ഉ( കൈ) നം.28/2026/PWD തീയതി 13.03.2026.
5. പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ 01.04.2026-ലെ സി.ഇ.പി.ഡബ്ല്യൂ.ഡി/3285/2026-എ.ഇ.ഇ(പി.എൽ.ജി) - എ.ഡി. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സി ക്ലാസ്സ്, ഡി ക്ലാസ്സ് കരാറുകാരുടെ രജിസ്ട്രേഷൻ, ലൈസൻസ് പുതുക്കുക എന്നീ അവസരങ്ങളിൽ സർക്കാരിലേക്ക് ഒടുക്കേണ്ടിയിരുന്ന ഫീസ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയിൽ, സർക്കാരിലേക്ക് ലഭ്യമായ നിവേദനങ്ങളുടെയും ആയതിന്മേൽ പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ പരാമർശം (3) പ്രൊപ്പോസലിന്റെയും അടിസ്ഥാനത്തിൽ, പരാമർശം (4) പ്രകാരം കുറവ് വരുത്തി ഉത്തരവായിരുന്നു.

2. പരാമർശം (3) പ്രകാരം സർക്കാരിലേക്ക് സമർപ്പിച്ച ഫീസ് നിരക്കുകളിൽ, സൂചന (1), (2) ഉത്തരവുകൾ പ്രകാരം ഫീസ് കണക്കാക്കിയതിൽ (നികുതി വർദ്ധന വരുത്തിയതിൽ) പിശക് സംഭവിച്ചെന്നും ആയത് പരിഹരിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം (5) മുഖേന ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരുന്നു. പ്രൈസ് സോഫ്റ്റ്‌വെയർ സർക്കാർ ഉത്തരവ് ലഭ്യമാകുന്നതിന് മുൻപ് തന്നെ ശരിയായ രീതിയിലുള്ള ഫീസ് ആണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ആയത് സാധൂകരിച്ച് നൽകണമെന്ന് കൂടി ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4) മുഖേന നിശ്ചയിച്ച ഫീസ് ചുവടെ ചേർക്കും വിധം തിരുത്തിയും, സർക്കാർ ഉത്തരവ് ലഭ്യമാകുന്നതിന് മുൻപ് തന്നെ പ്രൈസ് സോഫ്റ്റ്‌വെയറിൽ ശരിയായ രീതിയിലുള്ള ഫീസ് രേഖപ്പെടുത്തിയ ചീഫ്

എഞ്ചിനീയറുടെ നടപടി സാധൂകരിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| രജിസ്ട്രേഷൻ ഫീസ് (₹) | | |
|---|---|---|
| കാറ്റഗറി | 13.03.2026 ലെ സ.ഉ(കൈ) നം. 28/2026/PWD പ്രകാരം നിശ്ചയിച്ച ഫീസ് | തിരുത്തൽ വരുത്തിയത്. |
| **സിവിൽ കാറ്റഗറി** | | |
| സി ക്ലാസ്സ് | 4400 | 4410 |
| ഡി ക്ലാസ്സ് | 2200 | 2210 |
| **ഇലക്ട്രിക്കൽ കാറ്റഗറി** | | |
| സി ക്ലാസ്സ് | 2200 | 2210 |
| **ഇലക്ട്രോണിക്സ് കാറ്റഗറി** | | |
| സി ക്ലാസ്സ് | 2200 | 2210 |
| ഡി ക്ലാസ്സ് | 1100 | 1110 |

| പുതുക്കുന്നതിനുള്ള ഫീസ് (₹) | | |
|---|---|---|
| കാറ്റഗറി | 13.03.2026 ലെ സ.ഉ(കൈ) നം. 28/2026/PWD പ്രകാരം നിശ്ചയിച്ച ഫീസ് | തിരുത്തൽ വരുത്തിയത്. |
| **സിവിൽ കാറ്റഗറി** | | |
| സി ക്ലാസ്സ് | 3300 | 3310 |
| ഡി ക്ലാസ്സ് | 2200 | 2210 |
| **ഇലക്ട്രിക്കൽ കാറ്റഗറി** | | |
| സി ക്ലാസ്സ് | 3300 | 3310 |
| **ഇലക്ട്രോണിക്സ് കാറ്റഗറി** | | |
| സി ക്ലാസ്സ് | 2200 | 2210 |
| ഡി ക്ലാസ്സ് | 1100 | 1110 |

4. പരാമർശം (4) ഉത്തരവ് ടി. ഭേദഗതിയോട്ടുകൂടി നിലനിൽക്കുന്നതാണ്.

5. പൊതുമരാമത്ത് വകുപ്പ് മാന്വലിലെ ബന്ധപ്പെട്ട ക്ലോസുകളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടി പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം ചീഫ് എഞ്ചിനീയർ കൈക്കൊള്ളേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

പൊതുമരാമത്ത് വകുപ്പിലെ എല്ലാ ചീഫ് എഞ്ചിനിയർമാർക്കും.

പൊതുമരാമത്ത് വകുപ്പിലെ എല്ലാ രജിസ്റ്ററിങ്ങ് അധികാരികൾക്കും (ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാർ മുഖേന)

എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇ ഗവേണൻസ്), പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (E 3390643/ I&PW-B2/3/2026-FIN തീയതി10.03.2026)

തദ്ദേശ സ്വയംഭരണ വകുപ്പ്

ജലവിഭവ വകുപ്പ്.

ഐ&പി.ആർ (വെബ്& ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (PWD-H3/24/2026-PWD-Part(1)/ കമ്പ്യൂട്ടർ നമ്പർ. 3476267 ).

ഉത്തരവിൻ പ്രകാരം
Signed by
Deepu B K
Date: 21-04-2026 10:26:30

സെക്ഷൻ ഓഫീസർ

ചകർപ്പ് : ബഹു. പൊതുമരാമത്തുവകുപ്പ് മന്ത്രിയുടെ പി.എസ്.ന്
പൊതുമരാമത്തുവകുപ്പ് സെക്രട്ടറിയുടെ സി.എ. ക്ക്